പൂർത്തിയാക്കിയ ശുദ്ധജലവിതരണ പദ്ധതികൾ

134 [252] ശ്രീ. പി. ജെ. ജോയി:

" എം. മുരളി:

" എം. പി. ഗംഗാധരൻ:

" ജോർജ് ജെ. മാത്യു:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷമുള്ള ആദ്യത്തെ നൂറ് ദിവസത്തിനുള്ളിൽ ശുദ്ധജലവിതരണത്തിന് എന്തു തുക ചെലവഴിച്ചു;

(ബി) എത്ര ശുദ്ധജല പദ്ധതികൾ ഈ കാലാവധിക്കുള്ളിൽ പൂർത്തിയാക്കി;

(സി) ഈ പദ്ധതികൾ കൊണ്ട് എത്ര ജനങ്ങൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 2157.38 ലക്ഷം രൂപ, കേരള വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി 24.14 കോടി രൂപ, ഭൂജലവകുപ്പ്-കേരള വാട്ടർ അതോറിറ്റി, ത്രിതല പഞ്ചായത്തുകൾ, സ്വജലധാരാ, സ്ഥാപനങ്ങൾ, വ്യക്തികൾ മുതലായവർക്ക് കുഴൽക്കിണറുകൾ നിർമ്മിച്ചുകൊടുക്കുന്നതിനായി 146 ലക്ഷം രൂപയും, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയും 2.643 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 16 മേജർ പദ്ധതികളും 506 സ്കൂളുകളിലേക്കുള്ള ശുദ്ധജല പദ്ധതികളും മഴവെള്ളക്കൊയ്ത്തിനെ ആശ്രയിച്ച് നടപ്പാക്കുന്ന 588 വർഷ പദ്ധതികളും 34 മിനി കുടിവെള്ള പദ്ധതികളും കെ.ആർ.ഡബ്ല്യു.എസ്.എ. 150 ശുദ്ധജല വിതരണ പദ്ധതികളും ഭൂജലവകുപ്പ് 14 ട്യൂബ്‌വെല്ലുകളും 51 ബോർവെല്ലുകളും 61 ഫിൽറ്റർ പോയിന്റ് കിണറുകളും പൂർത്തിയാക്കി.

(സി) കേരള വാട്ടർ അതോറിറ്റിയുടെ പൂർത്തിയായ പദ്ധതികളിൽ നിന്നും ഏകദേശം 8,21,390 പേർക്കും കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ പൂർത്തിയായ പദ്ധതികളിൽ നിന്നും 32,293 പേർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പൂർണ്ണമായി നടപ്പിലാക്കുമ്പോൾ 800 കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly